ജന്മഭൂമി

06 January 2024




കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാലയിൽ നിതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി സംസാരിക്കുന്നു.

# സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണം: ബെറി

**കൊച്ചി:** സമുദ്രമത്സ്യ മേഖലയിലെ വെല്ലുവിളികൾ നേരിടുന്നതിന് നിർമിത ബുദ്ധി പോലുള്ള നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്ന് നീതി ആയോഗ് വൈസ് ചെയർമാൻ സുമൻ ബെറി.

വിവിധ സംസ്ഥാനങ്ങളിലെ സമുദ്രമത്സ്യമേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുന്നതിനായി കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച ഉന്നതതല ദേശീയ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മികച്ച സാധ്യതകളുള്ള ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുന്നതിന് ശ്രമങ്ങൾ വേണം. മീനുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനരംഗത്ത് തൊഴിൽ നൈപുണ്യം വികസിപ്പിക്കുന്നതിനും പദ്ധതികൾ വേണമെന്നും വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ. കെ. ജെന, നീതി ആയോഗ് ജോ. സെക്രട്ടറി കെ. എസ്. റെജിമോൻ, നീതി ആയോഗ് സീനിയർ അഡ്വൈസർ ഡോ. നീലം പട്ടേൽ, സംസ്ഥാന ഫിഷറീസ് ഡയറക്ടർ ഡോ. അദില അബ്ദുള്ള, നീതി ആയോഗ് സീനിയർ കൺസൽട്ടന്റ് ഡോ. ബബിത സിങ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവർ ഉദ്ഘാടന സെഷനിൽ സംസാരിച്ചു. സമുദ്രമത്സ്യമേഖലയിലെ വെല്ലുവിളികൾ, സാധ്യതകൾ, ഫിഷറീസ് സർട്ടിഫിക്കേഷൻ, വ്യാപാരബന്ധം, കയറ്റുമതി, മത്സ്യബന്ധന-സീഫുഡ് വ്യവസായ മേഖലകളിലെ പ്രശ്നങ്ങൾ തുടങ്ങിയവ ശിൽപശാല ചർച്ച ചെയ്തു.

കേന്ദ്ര-സംസ്ഥാന സർക്കാരിലെ നയരൂപീകരണ വിദഗ്ധർ, വ്യവസായ പ്രമുഖർ, ഗവേഷകർ എന്നിവരടങ്ങുന്ന ഉന്നതതല സംഘമാണ് ശിൽപശാലയിൽ പങ്കെടുത്തത്.